LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്തംബർ 26, വ്യാഴം

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 1985 സെപ്തംബർ 26-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി

(I) ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ഫാമിൻ റിലീഫ് പരിപാടി

*(258) ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി:
,, മണിമംഗലത്തു കുട്ട്യാലി:
,, കെ. കെ. തോമസ്:
,, കെ. കെ. ശ്രീനിവാസൻ:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാമിൻ റിലീഫ് പരിപാടിയിൽ എന്തൊക്കെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ഫാമിൻ റിലീഫ് ഇനത്തിൽ ചെലവാക്കിയ തുക എത്ര വീതം?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) പ്രകൃതിക്ഷോഭംമൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം നൽകുന്ന പരിപാടികളാണ് ഫാമിൻ റിലീഫ് പരിപാടിയിൽ പ്രധാനമായും നടപ്പിലാക്കുന്നത്. ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിൽ സൗജന്യറേഷൻ നൽകുക എന്നതാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്ന

പരിപാടിയാണ്. കൂടാതെ ദുരിതബാധിത പ്രദേശങ്ങളിൽ ജനങ്ങൾക്ക് പ്രത്യേക ചികിൽസാസൗകര്യങ്ങൾ, ഏർപ്പെടുത്തുന്നതും പ്രത്യേക തൊഴിൽദാന പരിപാടികളായ വില്ലേജ് റോഡുകൾ ചെറുകിട ജല സേചനം മുതലായവയുടെ അറ്റകുറ്റപണികൾ, നിർമ്മാണപ്രവർത്തനങ്ങൾ എന്നിവയാണ് ഫാമിൻ റിലീഫ് പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന പരിപാടികൾ.

(ബി) 1982-83-ൽ 305 ലക്ഷം രൂപയും, 1983-84-ൽ 56.18 ലക്ഷം രൂപയും, 1984-85-ൽ 21.58 ലക്ഷം രൂപയും പ്രസ്തുത ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: 1985-1986-ൽ ഈ റിലീഫ് വർക്കിനുവേണ്ടി എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളത്?

ശ്രീ പി. ജെ. ജോസഫ്: ഇതിനുവേണ്ടി 134.79 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: കഴിഞ്ഞ മൂന്നു വർഷങ്ങളിൽ ചെലവാക്കിയ തുകയുടെ കണക്ക് ജില്ല തിരിച്ച് പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: ജില്ല തിരിച്ചുള്ള കണക്കിന് പ്രത്യേകം നോട്ടീസ് വേണം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഇക്കഴിഞ്ഞ വെള്ളപ്പൊക്കകെടുതിയുടെ കാലഘട്ടത്തിൽ റിലീഫ് മെഷേഴ്സ് എന്നുള്ള നിലയിൽ ജില്ലകൾ തിരിച്ച് സൗജന്യറേഷൻ വിതരണം നടത്തുകയുണ്ടായി. 1985-86-ൽ ജില്ലതിരിച്ച് സൗജന്യറേഷനു അർഹരായ എത്രപേർക്ക് കൊടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: ജില്ലതിരിച്ചുള്ള കണക്കുകൾ പ്രത്യേകമായി എടുത്തിട്ടില്ല. നമ്മുടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൗജന്യറേഷൻ രണ്ടുമൂന്നു ഘട്ടമായി കൊടുക്കുകയുണ്ടായി. കഴിഞ്ഞ ഓണക്കാലത്ത് ഒരാഴ്ചത്തെ സൗജന്യ റേഷനും കൊടുക്കുകയുണ്ടായി.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ഫാമിൻ റിലീഫ് പരിപാടിയുടെ ഭാഗമായി റോഡുകൾ പുനഃസംവിധാനം ചെയ്യുന്ന ഒരു നിർദ്ദേശത്തെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ വർഷവും ഈ വർഷവുമായി ഫാമിൻ റിലീഫ് പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് എത്ര റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: ഈ ചോദ്യത്തിൽ ഓരോ വിഭാഗത്തിനും ചെലവായതിനെക്കുറിച്ച് കണക്കുകൾ എടുത്തിട്ടില്ല.

ശ്രീ. കെ. കെ. തോമസ്: ഫാമിൻ റിലീഫ് പദ്ധതിയനുസരിച്ച് ഈ ഫണ്ടുപയോഗിച്ച് ഏത് പ്രദേശത്തെ റോഡുകൾ നിർമ്മിക്കുന്നതിനാണ് മുൻഗണന നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഈ വർഷമാണെങ്കിൽ റോഡുകൾക്കു വേണ്ടി കാര്യമായ തുക ലഭിച്ചിട്ടുണ്ട്. കേരളത്തിലെ പതിനാല് ജില്ലകളിലും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. തോമസ്: പ്രകൃതിക്ഷോഭവും അതിവൃഷ്ടിയും മൂലം മലമ്പ്രദേശങ്ങളിലെ റോഡുകൾ പൂർണ്ണമായും നശിച്ചിരിക്കുകയാണ്. ഈ റോഡുകൾക്ക് മുൻഗണന നൽകി, കേന്ദ്രഗവൺമെന്റിൽ നിന്ന് കൂടുതൽ ഫണ്ടുവാങ്ങി പണി പൂർത്തിയാക്കുന്നതിനുള്ള നടപടി എടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുള്ള സ്ഥലങ്ങളിലെ വിവരങ്ങൾ ഓരോ ഡിപ്പാർട്ടുമെന്റുകളും കണക്കാക്കിയിട്ടുണ്ട്. ഈ നാശനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം റോഡുകൾക്ക് പ്രാധാന്യം കൊടുക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: ഫാമിൻ റിലീഫ് പദ്ധതിയനുസരിച്ച് ദുരിതബാധിതപ്രദേശങ്ങളിലെ ജനങ്ങളെ സഹായിക്കാൻവേണ്ടിയാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ വർഷം അനാവൃഷ്ടിമൂലം തീരെ കൃഷിയിറക്കാൻ വയ്യാതെയും, കൃഷി നശിച്ചും, തൊഴിലില്ലാതെ പൂർണ്ണമായും പട്ടിണിയിലായ പ്രദേശങ്ങളിൽ പാലക്കാടുജില്ലയിലെ മൂന്നു പഞ്ചായത്തുകളും ഉൾപ്പെടുന്നുണ്ട്. അട്ടപ്പാടി പ്രദേശങ്ങളിലെ ജനങ്ങളും വളരെയധികം ദുരിതമനുഭവിക്കുന്നവരാണ്. അവരെ സഹായിക്കാൻവേണ്ടി ഈ പരിപാടിയനുസരിച്ച് എന്തെങ്കിലും വിനിയോഗിച്ചിട്ടുണ്ടോ? എങ്കിൽ ഏതൊക്കെ വിധത്തിലാണ് വിനിയോഗിച്ചിട്ടുള്ളത് എന്ന് പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: വരൾച്ചയുള്ള പ്രദേശങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. കേരളത്തിന്റെ കുറെ മേഖലകളിൽ പാലക്കാട് ജില്ലയിലെ അട്ടപ്പാടി, കൊഴി ഞ്ഞാമ്പാറ, ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, മറയൂർ, വട്ടവിള എന്നീ പ്രദേശങ്ങൾ സ്ഥിരമായി വരൾച്ച ബാധിക്കുന്ന പ്രദേശങ്ങളാണ്. ഈ പ്രദേശങ്ങൾക്കുവേണ്ടി പ്രത്യേകമായ സഹായം നൽകുന്ന ഒരു പദ്ധതി കേന്ദ്രഗവൺമെന്റിനുണ്ട്. ഈ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേന്ദ്രഗവൺമെന്റിനു സമർപ്പിക്കാൻവേണ്ടി ഒരു മെമ്മോറാണ്ടം തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഫ്ളഡ് റിലീഫ്, ഡ്രൗട്ട് റിലീഫ് എന്നിവയല്ലാതെ ഫാമിൻ റിലീഫ് വർക്കുകളും ഏറെറടുത്തിട്ടുണ്ട്. ഇങ്ങനെ ഫാമിൻ റിലീഫ് വർക്കുകൾ ഏറെറടുക്കുന്നത് തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിലുണ്ടാക്കികൊടുക്കുന്നതിനുകൂടിയാണ്. അമ്പലപ്പുഴ, ചേർത്തല തുടങ്ങിയ താലൂക്കുകളിൽ ഈ വർക്കുകൾ എടുക്കാതെ കഴിഞ്ഞ കൊല്ലവും അതിന്റെ മുമ്പിലത്തെ കൊല്ലവും കുട്ടനാട്ടിൽ ഡോ. കെ. സി. ജോസഫിന്റെ മാത്രം നിയോജകമണ്ഡലത്തിൽ ഇത് നടപ്പിലാക്കിയതിന് പ്രത്യേക കാരണമെന്താണ്?

ശ്രീ. പി. ജെ. ജോസഫ്: ജില്ലാകളക്ടരുടെ റിപ്പോർട്ട് അനുസരിച്ചാണ് വർക്കുകൾ എടുത്തത്.

ശ്രീമതി കെ. ആർ. ഗൗരി: കോട്ടയം ജില്ലയിലെ വർക്കായിട്ടാണ് നോട്ടിഫിക്കേഷൻ വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: അങ്ങനെ വന്നിട്ടുണ്ടെങ്കിൽ അത് മിസ്റ്റേക്കാണ്. തീർച്ചയായിട്ടും കറക്ട് ചെയ്യുന്നതാണ്.

ശ്രീ. കെ. ജെ. ജോർജ്: സർ, വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ റോഡുകൾ നന്നാക്കാൻ പണം കിട്ടിയെന്ന് ഇവിടെ പറഞ്ഞു. ബ്ലോക്കുകൾവഴി ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. തുടങ്ങിയ പദ്ധതികൾ വഴി ഉണ്ടാക്കിയിട്ടുള്ള റോഡുകൾ ഈ വെള്ളപ്പൊക്കംമൂലം നാശമായിട്ടുണ്ട്. അത് നന്നാക്കുന്നതിന് ഈ ദുരിതാശ്വാസനിധിയിൽ നിന്ന് യാതൊരു സംഖ്യയും നീക്കിവച്ചിട്ടില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുവേണ്ടി കുറച്ച് സംഖ്യ നീക്കിവയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി. മുതലായ പദ്ധതികൾവഴി ഉണ്ടാക്കിയ റോഡുകൾ മോശമായതു നന്നാക്കുന്നതിനുവേണ്ടി ഒരു മെമ്മോറാണ്ടം കൊടുത്തിരുന്നു. ഈ ഇനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്ന് രണ്ടുകോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഫ്ളഡ് റിലീഫ് വർക്കുകൾ വരുന്നതിനുമുമ്പ് ഫാമിൻ റിലീഫ് വർക്കുകളിൽ ഉൾപ്പെടുത്തണമെന്ന് ലിസ്റ്റ് എല്ലാ ജില്ലകളിൽനിന്നും വാങ്ങിയിട്ടുണ്ട്. അതിനു പ്രൊഡീസ് ചെയ്യുന്നുണ്ടോ, ഇല്ലയോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: ഫാമിൻ റിലീഫ് പദ്ധതിക്കുള്ള തുകയിൽ അധികവും ഉൾപ്പെടുത്തിയിരിക്കുന്നത്, 289 (ബി) എന്നുള്ള ഹെഡ്ഡിലാണ്. ഇതിൽ കൂടുതൽ വരുമ്പോയോ, വെള്ളപ്പൊക്കമോ ഉണ്ടായാൽ ആദ്യം ആ തുകകൂടി ചെലവാക്കണമെന്നാണ്. നാശനഷ്ടമുണ്ടായി കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക ഇപ്പോൾ നിലവിലില്ല. ആ തുകകൂടി ചെലവഴിച്ചതിനുശേഷമാണ് മൊത്തത്തിൽ കേന്ദ്രഗവൺമെന്റ് സീലിങ് നിശ്ചയിക്കുന്നത്. അതുകൊണ്ട് ഇതിനുവേണ്ടി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടില്ല. 134 കോടി രൂപയിൽ ഉൾപ്പെടും.

ശ്രീ. എ. സി. ഷൺമുഖദാസ്: വെള്ളപ്പൊക്കത്തിനുവേണ്ടി പണം ചെലവാക്കുമ്പോൾ ഓരോ ജില്ലയിലെയും റെയിൻഫാളിന്റെ ഗേജ് കണക്കിലെടുത്തുകൊണ്ടാണോ ഓരോ ജില്ലകൾക്കും അലോട്ടുമെന്റ് നടത്തുന്നത്? അങ്ങനെയാണെങ്കിൽ ഏറ്റവും കൂടുതൽ റെയിൻഫാൾ ഉണ്ടായി നഷ്ടം വന്ന ജില്ലയേതെന്ന് പറയാമോ?

ശ്രീ. പി. ജെ. ജോസഫ്: റെയിൻഫാൾ കൂടുതലുള്ള ജില്ലയിൽ മാത്രം കൂടുതൽ നാശനഷ്ടമുണ്ടാകണമെന്നില്ല. ഇടുക്കിജില്ലയിൽ കൂടുതൽ മഴ പെയ്താൽ അതിന്റെ നാശനഷ്ടം കൂടുതൽ ഉണ്ടാകുന്നത് ആലപ്പുഴ ജില്ലയിലാണ്. അതുകൊണ്ട് റെയിൻഫാൾ ഇതിനൊരു മാനദണ്ഡമല്ല. മറിച്ച് ഓരോ ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാർ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് സഹായം കൊടുക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞ അവസരത്തിൽ ഭംഗ്യന്തരേണ ഏറ്റവും നാശനഷ്ടം ഉണ്ടായത് ആലപ്പുഴ ജില്ലയിലാണെന്ന് സമ്മതിക്കുകയുണ്ടായി. എന്നാൽ ഏറ്റവും കുറച്ച് തുക വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനുവേണ്ടി അലോട്ട് ചെയ്തിരിക്കുന്നത് ആലപ്പുഴ ജില്ലയിലാണെന്ന കാര്യം വളരെ ഗൗരവമായി കണക്കിലെടുത്തുകൊണ്ട്, ആലപ്പുഴ ജില്ലയിലെ എം. എൽ. എ. മാരുടെ വികാരം കണക്കിലെടുത്തുകൊണ്ട് കൂടുതൽ തുക അനുവദിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: 134 കോടി രൂപ ഇത്തവണ അനുവദിച്ചിട്ടുള്ളത് എല്ലാ ജില്ലകൾക്കും പൂർണ്ണമായി അലോട്ട് ചെയ്തിട്ടില്ല. ഓരോ ഡിപ്പാർട്ടുമെന്റുവഴിയാണ് അലോട്ട് ചെയ്യുന്നത്. എന്നാൽ പ്രത്യേകമായ അലോട്ട്മെന്റിന്റെ വിവരം ഞാൻ ഇവിടെ പറയാം. അതിൽ ഏറ്റവും കൂടുതൽ അലോട്ട്മെന്റ് കൊടുത്തിട്ടുള്ളത് ആലപ്പുഴ ജില്ലക്ക്, തന്നെയാണ്. രണ്ടുകോടി മുപ്പത്തിയൊന്നുലക്ഷം രൂപയാണ് ആലപ്പുഴ ജില്ലക്ക് അലോട്ട് ചെയ്തിട്ടുള്ളത്. രണ്ടാം സ്ഥാനം ഇടുക്കി ജില്ലയിലാണ്. അവിടെ 106 ലക്ഷം രൂപയാണ് അലോട്ട് ചെയ്തിരിക്കുന്നത്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇവിടെ ഫാമിൻ റിലീഫ് പരിപാടിയെ സംബന്ധിച്ചാണ് ചോദ്യം; വെള്ളപ്പൊക്കമല്ല. ഫാമിൻ റിലീഫ് പരിപാടിയനുസരിച്ച് തൊഴിലില്ലാത്തയാളുകൾക്ക് തൊഴിൽ കൊടുക്കാനുള്ള പരിപാടിയുടെ അടിസ്ഥാനത്തിൽ കുറെ വർക്കുകൾ നടത്താറുണ്ട്. തൊഴിലില്ലാത്ത ആളുകൾക്ക് ജോലി ഉണ്ടാക്കിക്കൊടുക്കാൻവേണ്ടി നടത്തുന്ന ഫാമിൻ റിലീഫ് വർക്ക് എല്ലാ ജില്ലകളിലും പണിയില്ലാത്ത കർഷകത്തൊഴിലാളികളുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ അലോട്ട് ചെയ്യാറുണ്ടോ; എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഫാമിൻ റിലീഫ് അനുസരിച്ച് ജില്ലകൾക്ക് അലോട്ട്മെന്റ് കൊടുക്കുന്നത്?

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഇവിടെ ആദ്യം പറഞ്ഞു, 289 (ബി) എന്ന ഹെഡ്ഡിലാണ് ഫാമിൻ റിലീഫ് എന്ന്. കേന്ദ്രത്തിൽനിന്ന് കിട്ടുന്ന തുകയെല്ലാം ഈ ഹെഡ്ഡിൽത്തന്നെയാണ് ചെലവഴിക്കുന്നത്. ഒരിക്കൽ സംസ്ഥാന ഗവൺമെന്റ് അലോട്ട് ചെയ്യുന്ന തുകയെക്കാൾ കഴിഞ്ഞവർഷം നമുക്ക് കൂടുതൽ തുക കേന്ദ്രത്തിൽനിന്നും വാങ്ങിക്കാൻ കഴിഞ്ഞു. ആ ഒരൊറ്റ ഹെഡ്ഡിൽ തന്നെയാണ് മുഴുവനും പോയിക്കൊണ്ടിരിക്കുന്നത്. അത് വേർതിരിച്ച് പറയുന്നതിൽ പ്രത്യേക അർത്ഥമില്ല. റോഡുകൾക്കും മറ്റു വർക്കുകൾക്കുമൊക്കെ ഉൾക്കൊള്ളിച്ച തുകയെക്കാൾ കൂടുതൽ ആയതുകൊണ്ട് ഫാമിൻ റിലീഫ് വർക്കിൽത്തന്നെ 50 ശതമാനം കേന്ദ്രഗവൺമെന്റ് കോൺട്രിബ്യൂഷനാണ്. അത് വേർതിരിച്ച് കാണിക്കുന്നതിൽ അർത്ഥമില്ല. മറിച്ച് ഈ വർക്കുകളൊക്കെ ഫാമിൻ റിലീഫ് എന്ന ഹെഡ്ഡിൽ തന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. ടി. എസ്. ജോൺ: ഫാമിൻ അഫക്ടഡ് ഏരിയാ കേരള സംസ്ഥാനത്തിൽ ഏറ്റവും കൂടുതലായിട്ടുള്ളത് കുട്ടനാട് ആണ്. അല്ലാതെ ചേർത്തലയോ ഒന്നുമല്ല. ആ സ്ഥിതിക്ക് കുട്ടനാടിനെ

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണന നൽകുകയും ആലപ്പുഴ ജില്ലയിൽ ഏതെങ്കിലും തുക അലോട്ട് ചെയ്യുകയാണെങ്കിൽ കുട്ടനാടിന് പ്രത്യേക മുൻഗണന നൽകുകയും ചെയ്യുന്നതിന് വല്ല നടപടിയും സ്വീകരിക്കാമോ? കോട്ടയം ജില്ലയിലെയും ആലപ്പുഴ ജില്ലയിലെയും പത്തനംതിട്ട ജില്ലയിലെയും ഭാഗമാണ് കുട്ടനാട്.

ശ്രീ. പി. ജെ. ജോസഫ്: ഇത് ഒരു വാദപ്രതിവാദത്തെത്തുടർന്ന് നിശ്ചയിക്കേണ്ട കാര്യമല്ല. ഈ നാശനഷ്ടങ്ങളുടെ കെടുതികളെപ്പറ്റി ജില്ലാ കലക്ടർമാരും ഓരോ ഡിപ്പാർട്ടുമെന്റും വിശദമായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ആ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സഹായം നൽകുന്നത്.

ശ്രീ. പി. കുമാരൻ: അട്ടപ്പാടി മേഖലയിൽ ഇതുവരെ ഒരു മഴപോലും പെയ്തിട്ടില്ല. ആ ഭാഗത്തുള്ള വരൾച്ചയുടെ ഫലമായി അവിടെയുള്ള ആളുകൾ മരിക്കാറായിരിക്കുകയാണ്. മഴ അധികം പെയ്തിട്ടുള്ള ദുരിതങ്ങൾ മാത്രമാണ് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. അട്ടപ്പാടി ഭാഗത്തുള്ള ദുരിതാശ്വാസങ്ങൾക്കുവേണ്ടി ഗവൺമെന്റ് എന്തെല്ലാം ചെയ്തിട്ടുണ്ട്; ഇത് കേന്ദ്ര ഗവൺമെന്റിനു റിപ്പോർട്ട് ചെയ്യാൻ തീരുമാനമെടുത്തുവെന്ന് പറഞ്ഞു. ആ തീരുമാനത്തിൽ അവിടെ എന്ത് നഷ്ടം വന്നിട്ടുള്ളതായി ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ട്?

ശ്രീ. പി. ജെ. ജോസഫ്: സർ, വരൾച്ച ബാധിതപ്രദേശങ്ങളിലെ വിശദമായ കണക്കുകൾ എടുത്തിട്ടില്ല. എങ്കിലും അടിയന്തിരസഹായം എത്തിക്കാൻ സംസ്ഥാന ഗവൺമെന്റ് നടപടികൾ കൈക്കൊള്ളുന്നതാണ്. അതുപോലെത്തന്നെ കേന്ദ്രത്തിന്റെ സഹായവും ഈ കാര്യത്തിൽ അഭ്യർത്ഥിക്കുന്നതാണ്.

സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് കയർ വ്യവസായത്തിന് ലഭിച്ച കേന്ദ്ര ഗവൺമെന്റ് സഹായം

* (259) ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
,, സി. പി. മൂസ്സാൻ കുട്ടി:
,, എ. കെ. പത്മനാഭൻ:
,, വർക്കല രാധാകൃഷ്ണൻ:

ശ്രീമതി. കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റിന്റെ സഹകരണവൽക്കരണ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് കയർവ്യവസായത്തിന് സാമ്പത്തിക സഹായം ലഭിച്ചുതുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ;

LIBRARY ARCHIVES Kerala Legislative Assembly